milma

**തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ ക്ലിപ്തം**

ഹെഡ് ഓഫീസ് : "ക്ഷീര ഭവൻ", പട്ടം, തിരുവനന്തപുരം – പിൻ: 695 004

ഫോൺ : 0471 - 2447109, 2446845, 2448057 ഈ-മെയിൽ: trcmpu@gmail.com

## Expression of Interest (EOI) Notice
## Invitation for Offering Land for Establishment of Dairy Project

Thiruvananthapuram Regional Co-operative Milk Producers' Union Ltd, ഒരു Ultra-Modern Dairy Processing Plant with Research and Development (R&D) സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. നിർദ്ദേശിക്കുന്ന പദ്ധതിയിൽ നൂതന സാങ്കേതിക വിദ്യയിൽ പാലിൻറെ പ്രോസസ്സിംഗ് യൂണിറ്റുകൾ, മൂല്യവർദ്ധിത പാലുത്പന്നങ്ങളുടെ നിർമ്മാണ സൗകര്യങ്ങൾ, ഉൽപ്പന്ന വികസന ലബോറട്ടറികൾ, പരിശീലനവും ഗവേഷണ സൗകര്യങ്ങളും, ഗോഡൗൺ സൗകര്യങ്ങൾ, കോൾഡ് ചെയിൻ അടിസ്ഥാന സൗകര്യങ്ങൾ, യൂട്ടിലിറ്റികൾ എന്നിവയും മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുന്നതായിരിക്കും. ടി ആവശ്യത്തിന് അനുയോജ്യമായ ഭൂമി വാങ്ങുന്നതിനായി ഉദ്ദേശിക്കുന്നു.

ഈ പദ്ധതി ക്ഷീര സംസ്കരണ മേഖലയിലെ സാങ്കേതിക പുരോഗതിക്ക് പിന്തുണ നൽകുന്നതിനും, നവീനമായ പാലുത്പന്നങ്ങൾ വികസിപ്പിക്കുന്നതിനും, പ്രദേശത്തെ ക്ഷീര മൂല്യ ശൃംഖല (Dairy Value Chain) ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നതാണ്. അതിനാൽ, വാഗ്ദാനം ചെയ്യുന്ന ഭൂമി ഭാവിയിൽ വികസിപ്പിക്കാനുള്ള സൗകര്യങ്ങളോടുകൂടിയ വലിയ ഏകീകൃത ഡെയറി സമുച്ചയം (Interested dairy Complex) സ്ഥാപിക്കാൻ അനുയോജ്യമാകണം.

1. ഭൂമി ആവശ്യകത (Land Requirement)

നിർദിഷ്ട ക്ഷീര പദ്ധതിക്ക് ഏകദേശം 50 ഏക്കർ ഒരുമിച്ചുള്ള ഭൂമി ആവശ്യമാണ്. ആ ഭൂമി ഡെയറി പ്രോസസ്സിംഗ് സൗകര്യങ്ങൾ സ്ഥാപിക്കാൻ അനുയോജ്യമായിരിക്കണം. അതോടൊപ്പം പ്രോസസ്സിംഗ് പ്ലാൻറുകൾ, പാൽ കൈകാര്യം ചെയ്യാനുള്ള സൗകര്യങ്ങൾ, കൊൾഡ് സ്റ്റോറേജ്, യൂട്ടിലിറ്റി ബ്ലോക്കുകൾ, അഡ്മിനിസ്ട്രേറ്റീവ് കെട്ടിടങ്ങൾ, വെയർഹൗസുകൾ, മാലിന്യജല ശുദ്ധീകരണ സംവിധാനം (Effluent Treatment Facilities), പാർക്കിംഗ് സ്ഥലങ്ങൾ എന്നിവ സ്ഥാപിക്കാനും ഭാവിയിൽ വികസനത്തിനുള്ള സൗകര്യവും ഉണ്ടായിരിക്കണം.

2. മുൻഗണനാ സ്ഥലം (Preferred Location)

കൊല്ലം ജില്ലയ്ക്കും തിരുവനന്തപുരം ജില്ലയ്ക്കും ഇടയിലുള്ള പ്രദേശത്തായിരിക്കണം ഭൂമി. പാൽ സംഭരണ മേഖലകളിലേക്കും പ്രധാന ഗതാഗത മാർഗങ്ങളിലേക്കും നല്ല ബന്ധമുള്ള സ്ഥലങ്ങൾക്ക് മുൻഗണന നൽകും.

3. മുൻഗണനാ സ്ഥലത്തിൻറെ സവിശേഷതകൾ (Preferred Site Characteristics)

വാഗ്ദാനം ചെയ്യുന്ന ഭൂമി താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുന്നതാണ് അഭികാമ്യം:

- വ്യാവസായിക വികസനത്തിന് അനുയോജ്യമായ ഏകദേശം 50 ഏക്കർ തുടർച്ചയായ ഭൂമി.
- പാൽ ടാങ്കറുകൾ, ഹെവി വാഹനങ്ങൾ എന്നിവ സഞ്ചരിക്കാൻ അനുയോജ്യമായ നല്ല റോഡ്.
- റെയിൽവേ സൗകര്യങ്ങളോടോ പ്രധാന ഗതാഗത കോറിഡോറുകളിലേക്കോ ഉള്ള സാമീപ്യം
- പാൽ സംസ്കരണത്തിന് ആവശ്യങ്ങൾക്ക് അനുയോജ്യമായ ജലത്തിൻറെ ലഭ്യത.
- വൈദ്യുതി വിതരണവും മറ്റ് അവശ്യ യൂട്ടിലിറ്റികളും ലഭിക്കുന്നതിനുള്ള ലഭ്യത അല്ലെങ്കിൽ സാധ്യത.
- നിയമപരമായ തർക്കങ്ങൾ, ബാധ്യതകൾ (encumbrances), ഉടമസ്ഥാവകാശ പ്രശ്നങ്ങൾ എന്നിവ ഇല്ലാത്ത ഭൂമി ആയിരിക്കണം.
- ഒരു ക്ഷീര സംസ്കരണ സൗകര്യം സ്ഥാപിക്കാൻ ആവശ്യമായ നിയമാനുസൃത അനുമതികളും ക്ലിയറൻസുകളും നേടാൻ അനുയോജ്യമായ ഭൂമി ആയിരിക്കണം.
- വ്യാവസായിക പ്രവർത്തനങ്ങളും പരിസ്ഥിതി അനുസരണവും സുഗമമാക്കുന്നതിന് ജനസാന്ദ്രതയുള്ള റെസിഡൻഷ്യൽ ഏരിയകളിൽ നിന്ന് അകലെ സ്ഥിതി ചെയ്യുന്ന സ്ഥലം ആയിരിക്കണം.
- വികസനത്തിന് അനുയോജ്യമായ ഭൂഘടന (Topography) ഉള്ളതും വെള്ളപ്പൊക്ക അപകടസാധ്യതകളുടെ ഭീഷണി ഇല്ലാത്തതുമായ ഭൂമി ആയിരിക്കണം.

4. സമർപ്പിക്കേണ്ട വിവരങ്ങൾ (Information to be Submitted)

താൽപര്യമുള്ള ഭൂമിയുടമകൾ അവരുടെ Expression of Interest (താൽപര്യപ്രകടനം) താഴെപ്പറയുന്ന വിവരങ്ങളോട്ടുകൂടി സമർപ്പിക്കണം:

- ഭൂവുടമയുടെ/ഉടമകളുടെ പേരും വിലാസവും
- ഭൂമിയുടെ സ്ഥാനം (ജില്ല, താലൂക്ക്, ഗ്രാമം)
- ലഭ്യമായ ഭൂമിയുടെ ആകെ വിസ്തൃതിയും സർവേ നമ്പറുകളും
- റവന്യൂ രേഖകൾ പ്രകാരം ഭൂമിയുടെ വർഗ്ഗീകരണം
- ഉടമസ്ഥാവകാശ വിശദാംശങ്ങളും ബന്ധപ്പെട്ട ഭൂമി രേഖകളുടെ പകർപ്പുകളും
- റോഡ് പ്രവേശനവും കണക്റ്റിവിറ്റിയും സംബന്ധിച്ച വിവരങ്ങൾ
- ജലലഭ്യതയും സമീപത്തുള്ള ജലസ്രോതസ്സുകളും സംബന്ധിച്ച വിവരങ്ങൾ
- ഏറ്റവും അടുത്തുള്ള പ്രധാന റോഡ്, റെയിൽവേ സ്റ്റേഷൻ, പട്ടണം എന്നിവയിൽ നിന്നുള്ള ദൂരം
- ഭൂമിയുടെ പ്രതീക്ഷിക്കുന്ന വില
- ഫോൺ നമ്പറും ഇമെയിൽ വിലാസവും ഉൾപ്പെടെയുള്ള ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ

5. സമർപ്പിക്കൽ രീതി (Mode of Submission)

Expression of Interest (EOI) ഒരു sealed cover-ൽ സമർപ്പിക്കണം. കവറിന് മുകളിൽ വ്യക്തമായി "Expression of Interest- Land for Dairy Project" എന്ന് രേഖപ്പെടുത്തണം.

EOI താഴെ കാണുന്ന വിലാസത്തിലേക്ക് എത്തിക്കണം:

“The Managing Director
Thiruvananthapuram Regional Co-operative Milk Producers' Union Ltd.
Ksheera Bhavan, Pattom
Thiruvananthapuram -695004”

Expression of Interest മുകളിൽ പറഞ്ഞ വിലാസത്തിൽ 30.03.2026 നകം അയക്കേണ്ടതാണ്.

6. ഓഫറുകളുടെ മൂല്യനിർണ്ണയം (Evaluation of Offers)
ലഭിക്കുന്ന ഓഫറുകൾ Quality and cost based selection (QCBS) രീതിയുടെ അടിസ്ഥാനത്തിൽ വിലയിരുത്തും. സ്ഥലത്തിൻറെ സ്ഥാനം, സ്ഥലത്തിൻറെ ലഭ്യത, ജലത്തിൻറെയും യൂട്ടിലിറ്റികളുടെയും ലഭ്യത, വ്യാവസായിക വികസനത്തിനുള്ള ഭൂമിയുടെ അനുയോജ്യത, ഭൂമിക്ക് നൽകിയ വില തുടങ്ങിയ ഘടകങ്ങൾ വിലയിരുത്തലിൽ പരിഗണിക്കും.

7. പൊതു വ്യവസ്ഥകൾ (General Conditions)
- Expression of Interest സമർപ്പിച്ചതുകൊണ്ട് TRCMPU ഭൂമി വാങ്ങുമെന്ന് ഉറപ്പാക്കുന്നില്ല.
- ഭൂവുടമകൾ സമർപ്പിച്ച വിശദാംശങ്ങൾ പരിശോധിക്കാനും വാഗ്ദാനം ചെയ്ത ഭൂമി പരിശോധിക്കാനുമുള്ള അവകാശം TRCMPU-വിൽ നിക്ഷിപ്തമാണ്.
- ഒരു കാരണവും നൽകാതെതന്നെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ഓഫറുകളും സ്വീകരിക്കാനോ നിരസിക്കാനോ ഉള്ള അവകാശം TRCMPU-വിൽ നിക്ഷിപ്തമാണ്.
- ഭൂമിയുടെ സാങ്കേതിക അനുയോജ്യതയും വാണിജ്യപരമായ പരിഗണനകളും അടിസ്ഥാനമാക്കി തുടർ മൂല്യനിർണ്ണയം, ചർച്ചകൾ, തിരഞ്ഞെടുപ്പ് എന്നിവ നടത്തും.

മാനേജിംഗ് ഡയറക്ടർ

Information Sheet for Land Offered
(To be filled and submitted by the Land Owner / Applicant)

അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ (Instructions to the Applicant)

1. തിരുവനന്തപുരം റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ലിമിറ്റഡിൻറെ ഡെയറി പ്രോജക്റ്റ് സ്ഥാപിക്കുന്നതിനായി നൽകാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ താഴെ നൽകിയിരിക്കുന്ന വിവര ഷീറ്റിൽ അപേക്ഷകൻ നൽകണം.

2. വിവരങ്ങൾ നിർദ്ദിഷ്ട ഫോർമാറ്റിൽ വ്യക്തവും സമ്പൂർണ്ണവുമായ രീതിയിൽ നൽകണം. നൽകിയിരിക്കുന്ന സ്ഥലം മതിയാകാത്ത പക്ഷം, അനുബന്ധമായ ഐറ്റം നമ്പറിനെ സൂചിപ്പിച്ച് അധിക ഷീറ്റുകൾ ചേർക്കാവുന്നതാണ്.

3. ഉടമസ്ഥാവകാശ രേഖകൾ, കൈവശാവകാശ സർട്ടിഫിക്കറ്റ് (Possession Certificate), സർവേ വിശദാംശങ്ങൾ, സ്ഥലത്തിൻറെ സ്കെച്ച് (Location sketch), എന്നിവയും മറ്റ് ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകളും വിവരപട്ടികയോടൊപ്പം സമർപ്പിക്കണം.

4. നിർദ്ദിഷ്ട സ്ഥലത്തേക്കുള്ള എത്തിച്ചേരൽ സൗകര്യം, വെള്ളത്തിൻറെ ലഭ്യത, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ശരിയായ വിശദാംശങ്ങൾ അപേക്ഷകൻ നൽകണം.

5. വിവര ഷീറ്റിൽ നൽകിയിരിക്കുന്ന വിവരങ്ങൾ Quality and Cost Based Selection (QCBS) രീതിയിലുള്ള മൂല്യനിർണ്ണയ പ്രക്രിയയുടെ ഭാഗമായി പരിഗണിക്കപ്പെടും.

6. അപേക്ഷകൻ നൽകുന്ന വിവരങ്ങളിൽ തെറ്റായതോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ വിവരങ്ങൾ കണ്ടെത്തിയാൽ, മൂല്യനിർണ്ണയത്തിൻറെ ഏത് ഘട്ടത്തിലും ഓഫർ നിരസിക്കപ്പെടാൻ സാധ്യതയുണ്ട്.

7. അപേക്ഷകൻ വിവരപട്ടിക ഒപ്പുവെച്ച് സാക്ഷ്യപ്പെടുത്തി, അതിനെ Expression of Interest (EOI) നോടൊപ്പം സമർപ്പിക്കണം.

| ക്ര. നം | വിശദാംശം | ബിഡ്ഡർ നൽകേണ്ട വിവരങ്ങൾ |
|---|---|---|
| 1 | ഭൂമിയുടെ ഉടമയുടെ പേര് / അധികൃത പ്രതിനിധിയുടെ പേര് | |
| 2 | ഭൂമിയുടെ ഉടമയുടെ വിലാസം | |
| 3 | ബന്ധപ്പെടാനുള്ള ഫോൺ നമ്പർ | |
| 4 | ഇമെയിൽ ഐഡി | |
| | സ്ഥലത്തിൻറെ വിശദാംശങ്ങൾ | |
| | | |

| | | |
|---|---|---|
| 5 | ജില്ല | |
| 6 | താലൂക്ക് | |
| 7 | വില്ലേജ്/ഗ്രാമം | |
| 8 | സർവേ നമ്പർ(കൾ) | |
| 9 | സമർപ്പിക്കുന്ന ഭൂമിയുടെ ആകെ വിസ്തീർണം (ഏക്കറിൽ) | |
| 10 | ഭൂമി തുടർച്ചയായ (Contiguous) പ്രദേശമാണോ (അതെ/അല്ല) | |
| 11 | റവന്യൂ രേഖകൾ പ്രകാരമുള്ള ഭൂമിയുടെ വിഭാഗീകരണം | |
| 12 | ഭൂമി ബാധ്യതകളോ തർക്കങ്ങളോ ഇല്ലാത്തതാണോ (അതെ/അല്ല) | |
| 13 | ഏറ്റവും അടുത്ത ദേശീയ / സംസ്ഥാന ഹൈവേയിലേക്കുള്ള ദൂരം (കി.മീ) | |
| 14 | സ്ഥലത്തേക്കുള്ള പ്രവേശന റോഡിൻറെ വീതിയും തരവും | |
| 15 | ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷനിലേക്കുള്ള ദൂരം (കി.മീ) | |
| 16 | ഏറ്റവും അടുത്ത പട്ടണം / നഗരത്തിലേക്കുള്ള ദൂരം (കി.മീ) | |
| 17 | ജലസ്രോതസ്സിൻറെ ലഭ്യത (നദി / കിണർ / ബോർവെൽ / മറ്റുള്ളവ) | |
| 18 | പ്രതിദിനം ലഭ്യമാകുന്ന വെള്ളത്തിൻറെ ഏകദേശ അളവ് (അറിയുന്നെങ്കിൽ) | |
| 19 | സമീപത്ത് വൈദ്യുതി വിതരണ സൗകര്യം ലഭ്യമാണോ (അതെ/അല്ല) | |
| 20 | ഏറ്റവും അടുത്ത വൈദ്യുതി സബ്സ്റ്റേഷനിലേക്കുള്ള ദൂരം (കി.മീ) | |
| 21 | ഭൂമി പ്രളയ സാധ്യതയുള്ള പ്രദേശമാണോ (അതെ/അല്ല) | |
| 22 | ഭൂമിയുടെ ഭൂപ്രകൃതി (സമതലം / ചരിവ് / മിശ്രിതം) | |
| 23 | വ്യാവസായിക വികസനത്തിന് ഭൂമി അനുയോജ്യമാണോ (അതെ/അല്ല) | |
| 24 | ഗവേഷണവും ലബോറട്ടറി സൗകര്യങ്ങളും സ്ഥാപിക്കാൻ അനുയോജ്യമാണോ (അതെ/അല്ല) | |
| 25 | ഭൂമിയിൽ നിലവിലുള്ള കെട്ടിടങ്ങളോ ഘടനകളോ സംബന്ധിച്ച വിവരങ്ങൾ | |
| 26 | ആവശ്യമായാൽ ഭൂമി വ്യാവസായിക ഉപയോഗത്തിന് മാറ്റാവുന്നതാണോ (അതെ/അല്ല) | |
| 27 | പ്രതീക്ഷിക്കുന്ന വില (രൂപ / ഏക്കർ അല്ലെങ്കിൽ ആകെ വില) | |
| 28 | നിർദ്ദേശവുമായി ബന്ധപ്പെട്ട മറ്റ് അധിക വിവരങ്ങൾ | |

ഈ വിവരപട്ടികയിലും അതോടൊപ്പം സമർപ്പിച്ചിരിക്കുന്ന അനുബന്ധ രേഖകളിലും നൽകിയിരിക്കുന്ന വിവരങ്ങൾ എൻറെ/ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും സത്യവും ശരിയുമാണെന്ന് ഞാൻ/ഞങ്ങൾ ഇതിനാൽ പ്രഖ്യാപിക്കുന്നു.

കൂടാതെ, ഈ Expression of Interest (EOI) പ്രകാരം സമർപ്പിച്ചിരിക്കുന്ന ഭൂമി എൻറെ/ഞങ്ങളുടെ ഉടമസ്ഥതയിലുള്ളതും, അതിൻറെ കൈമാറ്റത്തിനെയോ വ്യാവസായിക വികസനത്തിനെയോ ബാധിക്കുന്ന തരത്തിലുള്ള യാതൊരു നിയമ തർക്കങ്ങളോ ബാധ്യതകളോ (Encumbrances), അവകാശവാദങ്ങളോ ഉത്തരവാദിത്വങ്ങളോ ഇല്ലാത്തതുമാണെന്ന് ഞാൻ/ഞങ്ങൾ പ്രഖ്യാപിക്കുന്നു.

തിരുവനന്തപുരം റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ലിമിറ്റഡ് (TRCMPU)-ൽ ഞാൻ/ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന വിവരങ്ങൾ പരിശോധിക്കാനും, അന്തിമ തിരഞ്ഞെടുപ്പിന് മുമ്പ് സമർപ്പിച്ചിരിക്കുന്ന ഭൂമി പരിശോധിക്കാനും അവകാശമുള്ളതാണെന്ന് ഞാൻ/ഞങ്ങൾ മനസ്സിലാക്കുന്നു. കൂടാതെ, ഈ Expression Of Interest സമർപ്പിച്ചതുകൊണ്ട് മാത്രം TRCMPU-ന് ഭൂമി വിൽക്കാനുള്ള യാതൊരു അവകാശവാദമോ ഉറപ്പോ ലഭിക്കുന്നതല്ലെന്നും ഞാൻ/ഞങ്ങൾ മനസ്സിലാക്കുന്നു.

സ്ഥലം:

തീയതി:

അപേക്ഷകൻറെ / അധികൃത ഒപ്പുവെയ്ക്കുന്ന വ്യക്തിയുടെ ഒപ്പ്:

Signed by
Rararaj.r
Date: 15-03-2026 14:22:11

This is an e-Office document, does not require signature in ink.